**<u>ഇലക്ഷൻ/അടിയന്തിരം</u>**

**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പ്

നം. 310815/ഇഎം1/2015/തസ്വഭവ തിരുവനന്തപുരം, തീയതി: 15.10.2015

## <u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - 2015-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് നടത്തിപ്പിൽ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണം ഉറപ്പ് വരുത്തുന്നത് - സംബന്ധിച്ച്.

സൂചന:-സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 11.10.2015-ലെ 6330/ബി/2015/സം.തി.ക നമ്പർ കത്ത്.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2015 നവംബർ മാസം 2, 5 തീയതികളിൽ നടക്കുകയാണ്. നവംബർ 2-ാം തീയതി തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലും 5-ാം തീയതി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലുമാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. രാവിലെ 7 മണി മുതൽ വൈകുന്നേരം 5 മണി വരെയാണ് വോട്ടെടുപ്പ്.

പൊതുതിരഞ്ഞെടുപ്പ് സ്വതന്ത്രവും സുഗമവും നീതിപൂർവ്വകവുമായി നടത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ ഫലപ്രാപ്തിയിലെത്തുന്നതിന് സംസ്ഥാന സർക്കാരിലെ എല്ലാ വകുപ്പുകളുടെയും സർക്കാരിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും സഹായവും സഹകരണവും അനിവാര്യമാണ്. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും, ആവശ്യമായ സഹായവും സഹകരണവും ഉറപ്പ് വരുത്തേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജിജി തോംസൺ,**
ചീഫ് സെക്രട്ടറി.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ കമ്മീഷൻ, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവന്മാർക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ